Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 743/KCBC/K-6/KPR/DS

11.08.2020

**പരിസ്ഥിതി ആഘാത വിലയിരുത്തൽ കരടുവിജ്ഞാപനം:**
**കെസിബിസി നിർദ്ദേശങ്ങൾ സമർപ്പിച്ചു**

കൊച്ചി: പരിസ്ഥിതി ആഘാത വിലയിരുത്തൽ സംബന്ധിച്ച് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന കരടു നിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതുസമൂഹത്തിന്റെ പ്രതികരണം ആരാഞ്ഞുകൊണ്ടുള്ള അറിയിപ്പിൽ കെസിബിസിയുടെ നിർദ്ദേശം സർക്കാരിനു സമർപ്പിച്ചു.

കരടു വിജ്ഞാപനം കോർപ്പറേറ്റു മുതൽമുടക്കിനെ പ്രോത്സാഹിപ്പിക്കുന്നതും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്തുന്നതുമാണ്. ഇത് രാജ്യത്തിന്റെ പുരോഗതിയെ ലക്ഷ്യമിട്ടുകൊണ്ടുള്ള നയസമീപനമെന്ന് സർക്കാരിനു ന്യായീകരിക്കാമെങ്കിലും പാരിസ്ഥിതികമായും മാനുഷികമായും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതിൽ സംശയമില്ല. പല വ്യവസായങ്ങളുടെയും വികസനസംരംഭങ്ങളുടെയും കാര്യത്തിൽ  പൊതുസമൂഹത്തിനുള്ള ഉത്ക്കണ്ഠയും നിർദേശങ്ങളും പങ്കുവയ്ക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള മാർഗം  ഇല്ലാതായിരിക്കുന്നു. ബി 2 വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇത്തരം സംരംഭങ്ങൾ സംബന്ധിച്ച് കൃത്യമായ പാരിസ്ഥിതിക വിലയിരുത്തൽ  നടത്തുന്നതിനും പരിഹാരം നേടുന്നതിനുമുള്ള  വകുപ്പുകൾ ഡ്രാഫ്റ്റിൽ തുടർന്നും ഉണ്ടാകണം.

നിലവിലുള്ള സംരംഭങ്ങളുടെ വിക്സനത്തിനും വിപുലീകരണത്തിനും പരിസ്ഥിതി വിലയിരുത്തൽ ആവശ്യമില്ല എന്ന നിർദ്ദേശവും പദ്ധതികളുടെ നടത്തിപ്പിനുശേഷം പാരിസ്ഥിതിക പഠനത്തിനുള്ള അനുമതി നേടിയാൽ മതിയെന്ന നിർദേശവും പുനഃപരിശോധിക്കപ്പെടേണ്ടതാണ്. പാരിസ്ഥിതിക അനുമതിയോടെ മാത്രമേ വൻവികസനപദ്ധതികളും വ്യവസായ സംരംഭങ്ങളും തുടങ്ങാവൂ എന്ന നിബന്ധന തുടർന്നും നിലനിറുത്തേണ്ടതാണ്.  ആഗോളതലത്തിൽ നിലനില്ക്കുന്ന പാരിസ്ഥിതിക മാനദണ്ഡങ്ങളും മനുഷ്യാവകാശങ്ങളും മാനിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും 'പാരിസ്ഥിതിക ധാർമികത' ഗൗരവമായി പരിഗണിക്കപ്പെടുകയും വേണം. രണ്ടു ഹെക്ടറിലധികം വ്യാസമുള്ള ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതിക അനുമതി നേടണമെന്ന നിർദേശം കേരളംപോലെയുള്ള പരിസ്ഥിതി ദുർബലപ്രദേശങ്ങളിൽ തുടർന്നും പാലിക്കപ്പെടേണ്ടത്  അത്യന്താപേക്ഷിതമാണ്.

ഖനനം, ഡാമുകളുടെ നിർമാണം തുടങ്ങിയ സംരംഭങ്ങളിൽ എറ്റവും കൂടുതൽ ആഘാതമേല്ക്കുന്നത് ആദിവാസി-ഗോത്രവർഗ സമൂഹങ്ങൾക്കാണ്. വികസനത്തിന്റെ പേരിൽ അവരുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടാൻ ഇടയാകരുത്. വ്യവസായിക സംരംഭങ്ങൾക്കുവേണ്ടി  കുടിയിറക്കപ്പെടുകയും കിടപ്പാടവും ജീവിതമാർഗവും നഷ്ടമാകുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരത്തിനു മാത്രമല്ല, കുടിയിറക്കപ്പെടുന്നവരുടെ മാന്യമായ പുനരധിവാസത്തിനും വ്യവസ്ഥയുണ്ടാകണം.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

PRESIDENT
His Beatitude
**MAR GEORGE CARDINAL ALENCHERRY**
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
**RT. REV. DR. VARGHESE CHAKKALAKAL**
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
**DR. JOSEPH MAR THOMAS**
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
**FR. JACOB G. PALACKAPPILLY**
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com